**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 127** **13-02-2025 - ൽ മറുപടിയ്ക്ക്**

**അന്താരാഷ്ട്ര വിദ്യാർത്ഥികളെ ആകർഷിക്കുവാനുള്ള നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീമതി ദെലീമ | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളിലേയ്ക്ക് അന്താരാഷ്ട്ര വിദ്യാർത്ഥികളിൽ നിന്നും വിവിധ കോഴ്സുകൾ പഠിക്കുന്നതിന് അപേക്ഷകരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | മുൻ വർഷങ്ങളെ അപേക്ഷിച്ച് ഈ അക്കാദമിക വർഷം (2024-2025) കേരള സർവകലാശാലയ്ക്ക് അന്താരാഷ്ട്ര വിദ്യാർത്ഥികളിൽ നിന്നും വിവിധ കോഴ്സുകൾ പഠിക്കുന്നതിനു അപേക്ഷകരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ വർഷം 2600 വിദേശവിദ്യാർത്ഥികളുടെ അപേക്ഷകളാണ് ഐ.സി.സി.ആർ. പോർട്ടൽ വഴി കേരള സർവകലാശാലയ്ക്ക് ലഭിച്ചത്. നിലവിൽ 52 രാജ്യങ്ങളിൽ നിന്നുള്ള 215 വിദേശവിദ്യാർത്ഥികൾ കേരള സർവകലാശാലയിൽ വിവിധ കോഴ്സുകളിൽ പഠിക്കുന്നു. ഇതിൽ 97 വിദ്യാർത്ഥികൾ ഈ അക്കാദമിക വർഷം (2024-2025) അഡ്മിഷൻ എടുത്തവരാണ്.<br><br>കഴിഞ്ഞ വർഷങ്ങളിൽ മഹാത്മാഗാന്ധി സർവ്വകലാശാലയിലേക്കുള്ള വിദേശ വിദ്യാർത്ഥികളുടെ എണ്ണത്തിൽ താഴെ പറയുന്ന വർദ്ധനവ് ഉണ്ടായിട്ടുണ്ട് :<br>• 2024-25 - 867<br>• 2023-24 - 583<br>• 2022- 23 - 348<br>കുസാറ്റിൽ അന്താരാഷ്ട്ര വിദ്യാർത്ഥികളിൽ നിന്നും വിവിധ കോഴ്സുകൾ പഠിക്കുന്നതിനുള്ള അപേക്ഷകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിൽ ലഭിച്ച അപേക്ഷയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :<br>• 2021 - 603<br>• 2022 - 800<br>• 2023 - 1110<br>• 2024 - 1410 |
| (ബി) | ദേശീയ-രാജ്യാന്തര റാങ്കിംഗുകളിൽ കേരളത്തിലെ സർവ്വകലാശാലകൾ മികവ് തുടരുന്നതും അന്താരാഷ്ട്ര നിലവാരത്തിൽ നാലു വർഷ ബിരുദ പ്രോഗ്രാം നടപ്പാക്കുന്നതും വിദേശത്തു നിന്നുള്ള അപേക്ഷകർ വർദ്ധിക്കുവാൻ സഹായകമായിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കേരള സർവകലാശാല 2024 ലെ എൻ.ഐ.ആർ.എഫ്. റാങ്കിംഗിൽ രാജ്യത്തെ പൊതു സർവകലാശാലകളിൽ ഒൻപതാം സ്ഥാനത്ത് വന്നതും ക്യൂ.എസ് വേൾഡ് റാങ്കിംഗിൽ സൗത്ത് ഏഷ്യയിൽ 88-ാം സ്ഥാനത്ത് വന്നതും വിദേശവിദ്യാർത്ഥികളെ ആകർഷിക്കുന്നതിന് സഹായകമായിട്ടുണ്ട്. സംസ്ഥാനത്തേക്ക് പഠനത്തിനായി വിദേശവിദ്യാർത്ഥികളെ ഉൾപ്പെടെ ആകർഷിക്കുന്നതിന്റെ ഭാഗമായി കേരള സർവകലാശാലയിൽ പുതിയ കോഴ്സുകൾക്കായുള്ള സിലബസുകൾ അന്താരാഷ്ട്ര നിലവാരത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്. ഇതിനായി Outcome based സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. സ്വന്തമായി ഒരു |

| | | | |
|---|---|---|---|
| | | | കുട്ടിക്ക് അഭിരുചിക്കനുസരിച്ച് ഒരു പ്രോഗ്രാം ഡിസൈൻ ചെയ്യാൻ പ്രാപ്തമാക്കുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. Foundation courses, discipline specific pathway components, discipline capstone components എന്നിങ്ങനെ മൂന്ന് തരത്തിലുള്ള കോഴ്സുകൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിലടങ്ങിയിരിക്കുന്ന ability enhancement courses, skill enhancement courses, value added courses, multidisciplinary courses എന്നിവ വിദ്യാർത്ഥികൾക്ക് നൂതനാശയങ്ങൾ വികസിപ്പിക്കുന്നതിനും തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും സഹായകമാകുന്ന രീതിയിലാണ് തയ്യാറാക്കിയിട്ടുള്ളത്.<br><br>മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് NIRF, TIMES Ranking ലുള്ള മികച്ച സ്ഥാനം കൈവരിച്ചതിലൂടെ കഴിഞ്ഞ വർഷങ്ങളിൽ കൂടുതൽ വിദേശ വിദ്യാർത്ഥികളെ ആകർഷിക്കുവാൻ സാധിച്ചിട്ടുണ്ട്. 2024-25 വർഷത്തിൽ ബിരുദ പ്രോഗ്രാമിലേക്ക് വന്ന കൂടുതൽ അപേക്ഷകൾ കാണിക്കുന്നത് നാലു വർഷ ബിരുദ പ്രോഗ്രാമിൽ വിദേശ വിദ്യാർത്ഥികൾക്ക് താൽപര്യമുണ്ടെന്നാണ്.<br><br>വിദേശ സർവകലാശാലകളിൽ നിലവിലുള്ളതിന് സമാനമായ ക്രെഡിറ്റ് ഘടന നടപ്പിലാക്കിയതുവഴി നമ്മുടെ സർവകലാശാലകളിലെ കോഴ്സുകൾ വിദേശവിദ്യാർത്ഥികൾക്ക് അവരവരുടെ രാജ്യത്ത് തുടർപഠനത്തിന് കൂടുതൽ സൗകര്യപ്രദമായത് ഇവയുടെ ആകർഷകത്വം വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | വിദേശ വിദ്യാർത്ഥികളെ ആകർഷിക്കാനുതകുന്ന പദ്ധതികളും പ്രവർത്തനങ്ങളും ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | അന്താരാഷ്ട്ര വിദ്യാർത്ഥികളെ സർവ്വകലാശാലകളിലേക്കും കോളേജുകളിലേക്കും ആകർഷിച്ചുകൊണ്ട് കേരളത്തെ ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന വിജ്ഞാനകേന്ദ്രമായി ഉയർത്താൻ ലക്ഷ്യമിട്ടുകൊണ്ടുള്ള 'സ്റ്റഡി ഇൻ കേരള' പ്രോഗ്രാം രൂപകല്പന ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ദേശീയ അന്തർദേശീയ സ്ഥാപനങ്ങളുമായി കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിരവധി ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്.<br><br>2025 ജനുവരി 14, 15 ന് കൊച്ചിയിൽ വച്ച് നടന്ന അടുത്തതലമുറ ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഇന്റർനാഷണൽ കോൺക്ലേവിന്റെ ഭാഗമായി അന്താരാഷ്ട്ര വിദ്യാർത്ഥികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്യുന്നതിനായി വിവിധ സെഷനുകൾ സംഘടിപ്പിച്ചിരുന്നു. സ്റ്റഡി ഇൻ കേരളയുമായി |

ബന്ധപ്പെട്ട ഒരു പ്രത്യേക പ്രീ-കോൺക്ലേവ് സെഷനും ജനുവരി 13-ാം തീയതി സംഘടിപ്പിക്കുകയുണ്ടായി.

കൊച്ചിയിൽ നടന്ന അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവിൽ ഉരുത്തിരിഞ്ഞ് വന്ന ആശയങ്ങളുടെ അടിസ്ഥാനത്തിൽ ഒരു കർമ്മപദ്ധതി ആവിഷ്കരിച്ചുവരുന്നു. വിദേശ വിദ്യാർത്ഥികൾക്ക് ആതിഥേയത്വം വഹിക്കാൻ കഴിയുന്ന സ്ഥാപനങ്ങളിലെ അധ്യാപകരെ പരിശീലിപ്പിക്കുന്നതടക്കമുള്ള പ്രവർത്തനങ്ങൾ സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഫെബ്രുവരി 3-ാം തീയതി സംസ്ഥാനത്തെ വിവിധ സർവകലാശാലകളിലെയും തിരഞ്ഞെടുക്കപ്പെട്ട കോളേജുകളിലെയും അധ്യാപകർക്കായുള്ള ഹാൻഡ്സ്-ഓൺ-ട്രെയിനിംഗ് പ്രോഗ്രാം മിഷിഗൺ സർവകലാശാലയിലെ പ്രൊഫ. സക്കറിയ മാത്യു, പ്രൊഫ. സപ്ന ത്വയിത്ത്, പ്രൊഫ. മാത്യു വിറ്റൺസ്റ്റീൻ (യൂണിവേഴ്സിറ്റി ഓഫ് ഡേട്ടൺ, യു.എസ്.എ.) എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി.

വിദേശ സർവകലാശാലകളുമായി ധാരണാപത്രങ്ങൾ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. 2025 ഫെബ്രുവരി 4-ാം തീയതിയിൽ സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ അമേരിക്കയിലെ പ്രശസ്തമായ യൂണിവേഴ്സിറ്റി ഓഫ് മിഷിഗൺ-ഫ്ളിന്റുമായി അക്കാദമിക സഹകരണത്തിനായുള്ള ധാരണാപത്രത്തിൽ ഒപ്പുവച്ചു.

ഇതു കൂടാതെ വിവിധ സർവകലാശാലകളിൽ ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു :

<u>കേരള സർവകലാശാല</u>

വിദേശ വിദ്യാർത്ഥികളുടെ പ്രവേശന നടപടികൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് ഒരു ഡയറക്ടറുടെ നേതൃത്വത്തിൽ Centre for Global Academics പ്രവർത്തിക്കുന്നു.

<u>എം.ജി. സർവകലാശാല</u>

- വിദേശ വിദ്യാർത്ഥികൾക്ക് പ്രത്യേകം സജ്ജമാക്കിയ അക്കാദമിക് സെന്റർ University Centre for International Co-operation-UCIC- എന്ന സ്ഥാപനം മഹാത്മാഗാന്ധി സർവകലാശാലയിൽ ഉണ്ട്.

- മഹാത്മാഗാന്ധി സർവകലാശാല അന്താരാഷ്ട്ര വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനായി ഒരു ഇന്റർനാഷണൽ സ്റ്റുഡന്റ്സ് അഡ്മിഷൻ റെഗുലേഷൻ (International Students Admission Regulation) രൂപീകരിച്ചിട്ടുണ്ട്.
- സർവകലാശാല പഠനവകുപ്പുകളിലെ സീറ്റുകളിൽ 25% വരെ അധിക സീറ്റുകൾ വിദേശ വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുണ്ട്. പഠനം പൂർത്തിയാക്കിയശേഷം 10 ദിവസത്തിനകം ഡിഗ്രി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ഒരു ഗ്രീൻ ചാനൽ സംവിധാനവും ആവിഷ്കരിച്ചിട്ടുണ്ട്.
- സാംസ്കാരിക വൈവിധ്യത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി, സർവകലാശാല എല്ലാ വർഷവും ജൂലൈ-ഓഗസ്റ്റ് മാസങ്ങളിലായി "ഇന്റർനാഷണൽ കോൺക്ലേവ് ഓൺ കൾചറൽ ഡൈവേഴ്സിറ്റി" എന്ന പേരിൽ ഒരു സമഗ്രമായ അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിക്കുന്നു.
- വിവിധ രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ നേരിടുന്ന ഭാഷാപരമായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സർവകലാശാല ഒരു പ്രത്യേക ലാംഗ്വേജ് ലാബ് സ്ഥാപിച്ചിരിക്കുന്നു.
- MOOC (Massive Open Online Courses) എന്ന ഓൺലൈൻ പഠനപദ്ധതിയിലൂടെ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വിദ്യാർത്ഥികൾക്ക് പഠനം നടത്താൻ അവസരങ്ങൾ ഒരുക്കിയിട്ടുണ്ട്.
- കേരളത്തിൽ ഭൂരിഭാഗം വിദേശ വിദ്യാർത്ഥികളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 'ഇന്റർനാഷണൽ കൾച്ചറൽ ഫെസ്റ്റ്' എല്ലാ വർഷവും മഹാത്മാഗാന്ധി സർവകലാശാല കാമ്പസിൽ നടത്തിവരുന്നു.

<u>കാലിക്കറ്റ് സർവകലാശാല</u>

1. ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് അക്കാഡമിക് എക്സ്ചേഞ്ച് എന്ന പേരിൽ വിദേശ വിദ്യാർത്ഥികളുടെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ഒരു പ്രത്യേക വിഭാഗം രൂപീകരിച്ചു.
2. കേന്ദ്ര ഗവണ്മെന്റ് നടപ്പിൽ വരുത്തിയ മിനിസ്റ്റ്രി ഓഫ് എഡ്യൂക്കേഷന്റെ കീഴിലുള്ള സ്റ്റഡി ഇൻ ഇന്ത്യ പോർട്ടൽ,

സർവകലാശാലയിൽ നടപ്പിൽ വരുത്തുകയും അതുവഴി പ്രവേശനം നടത്താനുള്ള എല്ലാ നടപടികളും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

<u>കണ്ണൂർ സർവകലാശാല</u>

കണ്ണൂർ സർവകലാശാലയിൽ വിവിധ പ്രോഗ്രാമുകൾക്കും ഗവേഷണ പ്രോഗ്രാമുകൾക്കും ചേരാനാഗ്രഹിക്കുന്ന വിദേശ വിദ്യാർത്ഥികളുടെ പ്രവേശനം ഉൾപ്പെടെയുള്ള നടപടികൾക്കായി Office for International Affairs (OIA) സർവകലാശാലയിൽ പ്രവർത്തിച്ചുവരുന്നു.

<u>കുസാറ്റ്</u>

1. സ്കോളർഷിപ്പ് പ്രോഗ്രാമുകൾ : സ്കോളർഷിപ്പ് പ്രോഗ്രാമുകൾ വഴി വിദേശ വിദ്യാർത്ഥികൾക്ക് പഠനത്തിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നു. 'സ്റ്റഡി ഇൻ ഇന്ത്യ' പ്രോഗ്രാം വഴി പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 50 ശതമാനം സ്കോളർഷിപ്പ് നൽകിവരുന്നുണ്ട്.
2. മാർക്കറ്റിംഗ് പ്രചാരണങ്ങൾ: സാമൂഹിക മാധ്യമ പ്ലാറ്റ്ഫോമുകൾ വഴി സർവകലാശാലയുടെ അക്കാദമിക് പ്രോഗ്രാമുകൾക്ക് പ്രചാരണം നൽകുന്നുണ്ട്.
3. സർവകലാശാലയിലെ അക്കാദമിക് അവസരങ്ങളെ കുറിച്ചുള്ള വിവരങ്ങൾ വിദേശ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനായി വെർച്ചൽ വിവര സെഷനുകളും വെബിനാറുകളും സംഘടിപ്പിച്ചു വരുന്നു.
4. ERASMUS+, DAAD തുടങ്ങിയ അന്താരാഷ്ട്ര പദ്ധതികൾ പ്രയോജനപ്പെടുത്തിയും വിദേശ വിദ്യാർത്ഥികളെ സർവകലാശാലയിലേക്ക് ആകർഷിക്കുന്നുണ്ട്.
5. ആലുംനി നെറ്റ്‌വർക്കുകൾ: ആലുംനി നെറ്റ്‌വർക്കുകൾ വിദ്യാർത്ഥികൾക്ക് വൈവിധ്യമാർന്ന കരിയർ അവസരങ്ങൾ കണ്ടെത്താനും, പ്രൊഫഷണൽ അനുഭവങ്ങൾ പങ്കിടാനും ഉപകരിക്കുന്നു.
6. വിവിധ വിദേശ സർവകലാശാലകളുമായുള്ള ധാരണാ പത്രങ്ങൾ വഴിയും വിദേശ വിദ്യാർത്ഥികൾ സർവകലാശാലയിൽ പഠനത്തിനായി എത്തുന്നുണ്ട്. ഇപ്പോൾ കുസാറ്റിൽ 27 രാജ്യങ്ങളിൽ നിന്നായി 57

വിദേശ വിദ്യാർത്ഥികൾ വിവിധ കോഴ്സുകളിൽ പഠനം നടത്തിവരുന്നുണ്ട്.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല

- സർവകലാശാലയിൽ വിദേശവിദ്യാർത്ഥികളുടെ പ്രവേശനം, Student Exchange എന്നിവയുമായി ബന്ധപ്പെട്ട് യു.ജി.സി. മാനദണ്ഡങ്ങൾക്കനുസൃതമായി റെഗുലേഷൻ (Academic Collaborations between SSUS and Foreign Higher Educational Institutions) രൂപീകരിക്കുകയും തുടർപ്രവർത്തനങ്ങൾക്കായി Office of International Affairs സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.
- വിയന്നയിലുള്ള സെൻട്രൽ യൂറോപ്യൻ യൂണിവേഴ്സിറ്റി (CEU) യൂറോപ്യൻ യൂണിയന്റെ അധ്യാപക-വിദ്യാർത്ഥി കൈമാറ്റത്തിനായുള്ള സാമ്പത്തിക സഹായ പദ്ധതിയായ Erasmus+ സ്കീമിൽ സംസ്കൃത സർവകലാശാലയെ പാർട്ണർ യൂണിവേഴ്സിറ്റി ആക്കുന്നതിനായി അപേക്ഷ നൽകുകയും അതിന് യൂറോപ്യൻ യൂണിയന്റെ അംഗീകാരം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.
- സംസ്കൃത സർവകലാശാലയും നെതർലന്റ്സിലെ Groningen യൂണിവേഴ്സിറ്റിയും തമ്മിൽ Student and Faculty exchange-ന് ധാരണപത്രത്തിൽ ഏർപ്പെടുന്ന നടപടി അന്തിമഘട്ടത്തിലാണ്.
- ഗ്രോണിംഗൻ സർവകലാശാല (നെതർലാൻഡ്സ്), ജാഗിയേലോണിയൻ സർവകലാശാലശാല (പോളണ്ട്), നാഷണൽ യൂണിവേഴ്സിറ്റി ഓഫ് മെക്സിക്കോ എന്നിവരെ പാർട്ണർ സർവകലാശാലകളാക്കി മുന്നോട്ടുവെച്ച 'Religion and Critical Heritage Studies: Towards an MA in Responsible Cultural Leadership' (RELIC) എന്ന പ്രൊപ്പോസലിന് യൂറോപ്യൻ യൂണിയന്റെ Erasmus Mundus Joint MA Programme (EMJM) പദ്ധതിയിൽ അപേക്ഷിക്കുകയും യൂറോപ്യൻ യൂണിയന്റെ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പായാൽ ഗ്രോണിംഗൻ സർവകലാശാലയിൽ പ്രസ്തുത പ്രോഗ്രാമിന് ചേരുന്ന വിദ്യാർത്ഥികൾ ചുരുങ്ങിയത് ഒരു സെമസ്റ്റർ പഠനം

| | | | |
|---|---|---|---|
| | | | സംസ്കൃത സർവകലാശാലയിൽ നടത്തേണ്ടതാണ്. പ്രോഗ്രാമിന്റെ സിലബസ് സംബന്ധിച്ച കാര്യങ്ങൾ തിരുമാനിക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിച്ചുവരുന്നു.<br><br><u>തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല</u><br><br>ജർമ്മനിയിലെ ടുബിംഗൻ സർവകലാശാലയുമായി അക്കാദമിക രംഗത്ത് സഹകരണം തുടരുന്നതിന് മലയാളസർവകലാശാല നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ